കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം - 695 023 ഫോൺ : 0471-2471011
വെബ്സൈറ്റ് :: www.keralartc.com ഇമെയിൽ : cmd@kerala.gov.in :: ഫാക്സ് : 0471-2462679
ട്രാഫിക് സെക്ഷൻ ഇമെയിൽ : traffic@kerala.gov.in : ഫോൺ.: 0471-2471011 എക്സറ്റൻഷൻ.248

ടി.ആർ.1/000207/2020 തീയതി : 01.11.2024

**കെ.എസ്.ആർ.ടി.സി / കെ.എസ്.ആർ.ടി.സി -സ്വിഫ്റ്റ് യാത്രക്കാർക്കും ജീവനക്കാർക്കും ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പുതുക്കുന്നതിന് സർക്കാർ / പൊതുമേഖലാ / സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും നേരിട്ടോ ഇൻഷ്വറൻസ് ബ്രോക്കേഴ്സ് മുഖേനയോ ക്വട്ടേഷൻ ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ പരസ്യം**

കെ.എസ്.ആർ.ടി.സി / കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ്-ലെ യാത്രക്കാർക്കും ജീവനക്കാർക്കും നൽകി വരുന്ന വ്യക്തിപര സമൂഹ ഇൻഷ്വറൻസിൻെറ കാലാവധി 15.12.2024–ന് അവസാനിക്കുകയാണ്. തുടർന്നും യാത്രക്കാർക്ക് / ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ 16.12.2024 മുതൽ ഒരു വർഷത്തേയ്ക്ക് ലഭ്യമാക്കുന്നതിനായി സർക്കാർ / സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് നേരിട്ടോ, ഇൻഷ്വറൻസ് ബ്രോക്കേഴ്സ് മുഖേനയോ മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

1. ഏറ്റവും കുറഞ്ഞ പ്രീമിയം വാഗ്ദാനം ചെയ്യുന്ന കമ്പനിയുമായി 16.12.2024 മുതൽ 15.12.2025 വരെ ഒരു വർഷക്കാലയളവിലേയ്ക്ക് കരാർ ഒപ്പ് വയ്ക്കുന്നതും യാത്രക്കാർക്കും ജീവനക്കാർക്കും പോളിസി ലഭ്യമാക്കേണ്ടതുമാണ്.
2. കുറഞ്ഞ പ്രീമിയത്തിൽ കൂടുതൽ ആനുകൂല്യങ്ങൾ യാത്രക്കാർക്കും ജീവനക്കാർക്കും വാഗ്ദാനം ചെയ്യുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാറിൽ ഏർപ്പെടുന്നതാണ്.
3. വിവിധ കമ്പനികൾ ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയും മറ്റ് വിവരങ്ങളും Price Bid ഓപ്പൺ ചെയ്ത് 3 ദിവസത്തേയ്ക്ക് കെ.എസ്.ആർ.ടി.സി വെബ്സൈറ്റിൽ, ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നതാണ്. തുടർന്ന് നടപടികൾ പൂർത്തീകരിക്കുന്നതാണ്.
4. ടെണ്ടർ നടപടികൾ പൂർണ്ണമായോ ഭാഗീകമായോ ഒഴിവാക്കുന്നതിനോ പുന:ക്രമീകരിക്കുന്നതിനോ പുന:പരിശോധിക്കുന്നതിനോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
5. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ശേഷം കെ.എസ്.ആർ.ടി.സി.യ്ക്ക് ഗുണകരമല്ലെന്ന് കാണുന്ന പക്ഷം ടെണ്ടർ റദ്ദ് ചെയ്യുന്നതിന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് പൂർണ്ണമായ അധികാരം ഉണ്ടായിരിക്കും.
6. ഈ ടെണ്ടർ സംബന്ധിച്ച തർക്കങ്ങളും പരിഹാരങ്ങളും കോർപ്പറേഷൻെറ ചെയർമാൻ & മാനേജിംഗ് ഡയറക്ടറോ അല്ലെങ്കിൽ ടിയാൻ ചുമതലപ്പെടുത്തുന്ന ഓഫീസർ മുഖേന പരിഹരിക്കേണ്ടതാണ്.
7. ഇവരുടെ മദ്ധ്യസ്ഥതയിൽ തർക്കങ്ങൾ പരിഹരിക്കപ്പെടാത്ത പക്ഷം ഇത് സംബന്ധിച്ചുള്ള എല്ലാ വ്യവഹാരങ്ങളും തിരുവനന്തപുരം ജില്ലയിലെ സിവിൽ കോടതിയുടെ ജൂറിസ്ഡിക്ഷൻ പരിധിയിൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്.
8. മുദ്ര വച്ച കവറിൽ പൂരിപ്പിച്ച ടെണ്ടർ ഫാറത്തോടൊപ്പം താഴെ പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്.

a) യാത്രക്കാർക്കും ജീവനക്കാർക്കും ലഭ്യമാകുമെന്ന തുകയും സേവനങ്ങളും സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്ന മാതൃകയിൽ ലഭ്യമാക്കേണ്ടതാണ്.

**Option1**:-നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ചുള്ള പ്രീമിയം തുക. (ജി.എസ്.ടി പ്രത്യേകമായി രേഖപ്പെടുത്തിയ വിധത്തിൽ)

(അക്കത്തിൽ.................................................................................. അക്ഷരത്തിൽ

.......................................................................................................)

| **Group Accident Insurance cover for passengers of KSRTC, KURTC & K-SWIFT** | | | |
|---|---|---|---|
| | | | |
| Sl. No. | COVER SUGGESTED | PASSENGER CATEGARY WITH SUM INSURED SUGGESTED | |
| | | Named Passenger (reserved passengers) (approximate 27,000 passengers per day & employees approximately 25,000/-) | Un Named (unreserved category) (approximate 30,00,000 passengers per day |
| 1 | Accidental Death, P.T.D and P.P.D | Rs. 10,00,000 (per person) | Rs.5,00,000(per person) |
| 2 | Accidental Hospitalization | Rs.3,00,000 (per person) | Rs.2,00,000(per person) |
| 3 | Accidental treatment as OPD | Rs.20,000 (per person) | Rs.10,000(per person) |
| 4 | Hospitalization Cash Allowance(Accidental) | Rs.1000/-(per day) for 7 days | Rs.500/-(per day) for 7 days Nil |
| 5 | Carriage of Dead Body Expenses/Cremation expenses | Rs.20,000 (per person) | Rs.10,000 (per person) |
| 6 | Children education welfare fund for dependent children in case of death of passengers | Rs.10,000 (per child up to two dependent children) | Rs.10,000 (per child up to two dependent children) |
| 7 | Loss of baggage | Rs.5000/- (per person) | Nil |
| **Limit of Liability** | | | |
| 8 | **ANY ONE ACCIDENT: Rs.4,00,00,000** (irrespective of number of vehicles involved in one accident) | **ANY ONE YEAR:Rs.50,00,00,000** (Irrespective of number of Accidents) | |

**Option 2 :-** നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരമുള്ള "Sum Assured" തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള പ്രീമിയം തുക. (ജി.എസ്.ടി പ്രത്യേകമായി രേഖപ്പെടുത്തിയ വിധത്തിൽ)

(അക്കത്തിൽ........................................................................... അക്ഷരത്തിൽ ..........................................................................................)

| Group Accident Insurance cover for passengers of KSRTC, KURTC & K-SWIFT | | | |
|---|---|---|---|
| | | | |
| Sl. No. | COVER SUGGESTED | PASSENGER CATEGARY WITH SUM INSURED SUGGESTED | |
| | | Named Passenger (reserved passengers) (approximate 27,000 passengers per day & employees approximately 25,000/-)) | Un Named (unreserved category) (approximate 30,00,000 passengers per day |
| 1 | Accidental Death, P.T.D and P.P.D | Rs. 15,00,000 (per person) | Rs. 7,50,000 (per person) |
| 2 | Accidental Hospitalization | Rs.5,00,000 (per person) | Rs. 3,00,000 (per person) |
| 3 | Accidental treatment as OPD | Rs.50,000 (per person) | Rs.25,000 (per person) |
| 4 | Hospitalization Cash Allowance(Accidental) | Rs.2000 (per day) for 7 days | Rs.1000 (per day) for 7 days |
| 5 | Carriage of Dead Body Expenses/Cremation expenses | Rs.50,000 (per person) | Rs. 25,000 (per person) |
| 6 | Children education welfare fund for dependent children in case of death of passengers | Rs. 10,000 (per child up to two dependent children) | Rs. 10,000 (per child up to two dependent children) |
| 7 | Loss of baggage | Rs. 5000 (per person) | nil |
| **Limit of Liability** | | | |
| 8 | **ANY ONE ACCIDENT: Rs. 10,00,00,000** (irrespective of number of vehicles involved in one accident) | **ANY ONE YEAR:Rs.75,00,00,000** (Irrespective of number of Accidents) | |

ഇത്തരത്തിൽ രണ്ട് കവറുകളിലായി ടെണ്ടർ സമർപ്പിക്കേണ്ടതാണ്. കവറിന് പുറത്ത് Option 1 / Option 2 എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

9. ഇൻഷ്വറൻസ് സംബന്ധിച്ച സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി കേരളത്തിനകത്ത് റീജിയണൽ / ഡിവിഷണൽ ഓഫീസുകൾ ഉള്ള ഇൻഷ്വറൻസ് കമ്പനികളാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. കൊട്ടേഷൻ സമർപ്പിക്കുന്നത് ബ്രോക്കർ

മുഖേനയാണെങ്കിൽ പ്രസ്തുത ബ്രോക്കറിന് കേരളത്തിൽ രജിസ്റ്റേർഡ് ഓഫീസ് നിർബന്ധമാണ്. ഇൻഷ്വറൻസ് കമ്പനിയുടെ ലെറ്റർ ഹെഡ്ഡിലുള്ള കൊട്ടേഷൻ മാത്രമേ സ്വീകരിക്കുകയുള്ളൂ.

10. ടെണ്ടർ നോട്ടീസ് നമ്പർ. ടി.ആർ.1/000207/2020 പ്രകാരമുള്ള ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തീയതി **16.11.2024** വൈകുന്നേരം 04.00 മണി വരെയാണ്. **19.11.2024ന്** രാവിലെ 11.00 മണി മുതൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയത്തിൽ (ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം) വച്ച് ടെണ്ടർ നടക്കുന്നതാണ്.

11. ടെണ്ടർ സമർപ്പിക്കേണ്ടത്

തപാൽ സെക്ഷൻ, ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം

(കവറിന് പുറത്ത് മേൽവിലാസം, ടെണ്ടർ നമ്പർ, തീയതി എന്നിവ എഴുതി തപാൽ സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. ഇവ രേഖപ്പെടുത്താത്ത ടെണ്ടർ അംഗീകരിക്കുന്നതല്ല.)

**കൂടുതൽ വിവരങ്ങൾക്ക് www.keralartc.com എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതും, 0471-2471011, Extn.248 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതുമാണ്.**

ചെയർമാൻ ആൻറ് മാനേജിംഗ് ഡയറക്ടർക്കുവേണ്ടി
എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)

# കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ.ടി.ആർ.1/000207/2020

കെ.എസ്.ആർ.ടി.സി / കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് യാത്രക്കാർക്കും ജീവനക്കാർക്കും ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പുതുക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ ഫാറം

| | | | |
|---|---|---|---|
| 1 | ലേലം / ടെണ്ടർ നോട്ടീസ് നം. | : | ടി.ആർ.1/000207/2020 തീയതി.01.11.2024 |
| 2. | ലേലം / ടെണ്ടർ നടക്കുന്ന തീയതി, സ്ഥലം, സമയം | : | 19.11.2024ന് രാവിലെ 11 മണി മുതൽ ചെയർമാൻ ആൻറ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം |
| 3. | ടെണ്ടററുടെ പേരും മേൽവിലാസവും പിൻകോഡും | : | |
| 4. | കത്തിടപാടുകൾ നടത്തുന്നതിനുള്ള മേൽവിലാസവും പിൻകോഡും | : | |
| 5. | ഫോൺ നം., മൊബൈൽ നം., ഇ-മെയിൽ വിലാസം | : | |
| 6. | കെ.എസ്.ആർ.ടി.സി നൽകേണ്ട പ്രീമിയം തുക, ജി.എസ്.ടി പ്രത്യേകമായി രേഖപ്പെടുത്തിയ വിധത്തിൽ (അക്കത്തിലും അക്ഷരത്തിലും) | : | |

ടെണ്ടററുടെ ഒപ്പും പേരും

## പ്രതിജ്ഞാ വാചകം

മുകളിൽ നൽകിയിട്ടുള്ള വിവരങ്ങൾ സത്യസന്ധമാണെന്നും 01.11.2024-ലെ ടി.ആർ.1/000207/2020 എന്ന നമ്പർ പ്രകാരമുള്ള ലേലം ടെണ്ടർ നോട്ടീസും, ടെണ്ടർ നിബന്ധനകളും, മെമ്മോറാണ്ടവും ഞാൻ വായിച്ച് ബോദ്ധ്യപ്പെട്ടുവെന്നും ഇവയിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ കൃത്യമായും പാലിച്ചുകൊള്ളാമെന്നും, ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

മേൽപറഞ്ഞ ടെണ്ടർ നോട്ടീസും, ടെണ്ടർ നിബന്ധനകളും മെമ്മോറാണ്ടവും അംഗീകരിച്ച്, ഒപ്പിട്ട് ഞാൻ സമർപ്പിക്കുന്നു.

സ്ഥലം

തീയതി

ടെണ്ടററുടെ ഒപ്പ്

OFFICE OF THE MANAGING DIRECTOR
Transport Bhavan
Thiruvananthapuram
K.S.R.T.C.